# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

20/03/2018-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4148

## ലൈഫ് ഭവന പദ്ധതി

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് ഭവന പദ്ധതിയിൽ ഭൂമിയുള്ള എത്ര ഭവനരഹിതരാണ് പെരുമ്പാവൂർ മണ്ഡലത്തിൽ ഉള്ളത് എന്നറിയിക്കുമോ; ഇവർക്ക് 2018-19 ൽ വീട് നൽകുന്നതിന് സാധിക്കുമോ; | (എ) | ലൈഫ് മിഷൻ പദ്ധതിയിൽ ഭൂമിയുള്ള 844 ഭവനരഹിതരാണ് പെരുമ്പാവൂർ മണ്ഡലത്തിലുള്ളത്. ഇവർക്ക് 2018-19 ൽ വീട് നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഒരു വീടിന് എത്ര രൂപയാണ് ഗുണഭോക്താവിന് നൽകുന്നത്; ഇതിൽ സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതം എത്രയെന്നറിയിക്കുമോ; വിശദാംശം നൽകുമോ; | (ബി) | പൊതുവിഭാഗത്തിനും, പട്ടികജാതിക്കാർക്കും ഭവനം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. പട്ടികവർഗ്ഗക്കാർക്ക് 6 ലക്ഷം രൂപയാണ് നൽകുന്നത്. സർക്കാർ വിഹിതത്തിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതത്തിന്റേയും അനുപാതം തീരുമാനിച്ചിട്ടില്ല. പദ്ധതിക്ക് ആവശ്യമായ തുക പ്ലാൻ ഫണ്ടിൽ നിന്നും, ബാക്കി വായ്പയായും കണ്ടെത്തും. മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതും പലിശ സർക്കാർ വഹിക്കുന്നതുമാണ്. |
| (സി) | ഭൂരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതിനുശേഷം സ്വന്തമായി സ്ഥലം വാങ്ങിയ ഗുണഭോക്താക്കൾക്ക് 2018-19 ൽ വീട് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | ഭൂരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടതിനുശേഷം സ്വന്തമായി സ്ഥലം വാങ്ങിയ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം നൽകുന്ന വിഷയത്തിൽ തീരുമാനമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഭൂരഹിതരായിട്ടുള്ളവർക്ക് സ്ഥലം വാങ്ങുന്നതിന് ഈ പദ്ധതിയിൽ ധനസഹായം നൽകുമോ; എങ്കിൽ എത്ര രൂപയാണ് അനുവദിക്കുന്നതെന്നറിയിക്കുമോ; | (ഡി) | നിലവിൽ ഭൂരഹിതരായവർക്ക് സ്ഥലം വാങ്ങുന്നതിന് പദ്ധതിയില്ല. ഇത്തരക്കാർക്ക് ഭവന സമുച്ചയം നിർമ്മിച്ച് അതിൽ ഭവനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പണിയുന്ന ഭവനങ്ങൾ Geo tag (ജിയോ ടാഗ്) ചെയ്യേണ്ടതുണ്ടോ; എങ്കിൽ അതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ഇ) | ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പണിയുന്ന ഭവനങ്ങൾ ജിയോ ടാഗ് ചെയ്യുന്നതാണ്. ആയതിന് പ്രത്യേക MIS ഉം, മൊബൈൽ ആപ്പ്സും വികസിപ്പിച്ചുവരുന്നു. |
| (എഫ്) | ലൈഫ് പദ്ധതി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | ഉണ്ട്. വീടുകൾ നിർമിക്കുന്ന അവസരത്തിൽ 90 ദിവസത്തെ തൊഴിൽ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ